
Monthly Price Rs. 4/-

# ബൈബിൾ ദൂതൻ



രക്ഷ

# ദൈവത്തിന്റെ രക്ഷാ ബന്ധം

ഇതിൽ ഏതാണ് ആവശ്യമില്ലാത്തത്?

| | | |
|---|---|---|
| നമ്മുടെ രക്ഷിതാവ് ദൈവം | – | 1 തിമൊഥെയൊസ് 4:10; യെശയ്യാവ് 12:2; റോമർ 6:23 |
| ക്രിസ്തു യേശു രക്ഷിക്കുന്നു | – | മത്തായി 1:21; എബ്രായർ 5:8–9; തിത്തൊസ് 2:11; റോമർ 3:24 |
| പരിശുദ്ധാത്മാവു നമ്മെ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 6:11; യോഹന്നാൻ 14:26; 16:7–13 |
| ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷിക്കുന്നു | – | റോമർ 5:8,9; എബ്രായർ 9:22; എഫെസ്യർ 1:7 |
| അവന്റെ നാമത്തിലാണ് രക്ഷ | – | പ്രവൃത്തികൾ 4:12; 10:43; യോഹന്നാൻ 20:30–31 |
| സുവിശേഷത്താൽ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 15:1–4; റോമർ 1:16; യാക്കൊബ് 1:21 |
| വിശ്വാസത്താൽ രക്ഷ വരുന്നു | – | എബ്രായർ 11:6; റോമർ 3:16; പ്രവൃത്തികൾ 16:31 |
| മാനസ്സാന്തരത്തിലൂടെ രക്ഷ | – | ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 11:18 |
| രക്ഷ സ്നാനം മുഖാന്തരം ലഭിക്കുന്നു | – | 1 പത്രൊസ് 3:21; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38 |

നഷ്ടപ്പെട്ട ആത്മാവ്

**ഇതിനേക്കാൾ ശക്തമായ മറ്റൊരു ബന്ധം രക്ഷക്കില്ല.**

# THE BIBLE TRUTH

Editors

P.K. VARGHESE J.C. CHOATE

000 000 000

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 20 October 2007 No.7

## എഡിറ്റോറിയൽ

ഓരോ രാജ്യത്തും വിവിധ മതങ്ങളും മതാചാരങ്ങളും, വിശ്വാസങ്ങളും, വിശ്വാസപ്രമാണങ്ങളും നിലവിലുണ്ട്. മതപഠനവും പ്രചരണവും നടക്കുന്നു. എന്താണ് ഇതിന്റെ കാരണം? മതം മനുഷ്യജീവിതത്തിനു അനിഷേധ്യഘടകമാണോ ആധികാരികമായി നാം ഇതിനെ വിലയിരുത്തേണ്ടതാണ്. രണ്ടു കാര്യങ്ങൾ ഈ വിഷയത്തിൽ മുഖ്യമായി നാം പരിഗണിക്കേണ്ടതുണ്ട്: ആദ്യമായി മനുഷ്യർ ആരും സ്വയമായോ ആകസ്മികമായോ ഉണ്ടായതല്ല. മറിച്ചു നാം സൃഷ്ടിക്കപ്പെട്ടവരാണ്. അതു നമുക്ക് എങ്ങനെ അറിയാം? തെളിവുകൾ ധാരാളമുണ്ട്. മനുഷ്യന്റെ ഉല്പത്തിയെക്കുറിച്ചു ബൈബിളിൽ തെളിവുകളുണ്ട്. ഈ ലോകത്തുള്ള എല്ലാം തന്നെ നിർമ്മിക്കപ്പെട്ടതാണ്. അല്ലാതെ സ്വയം ആവിർഭവിച്ചതല്ല. മനുഷ്യന്റെ അവസ്ഥയെക്കുറിച്ചു നാം പഠിക്കുമ്പോൾ പുറമെയുള്ള നമ്മുടെ ശരീരം മണ്ണിൽ നിന്നും എടുത്തതാണ് എന്നു സത്യവേദപുസ്തകം പറയുന്നു. അതുകൊണ്ടാണ് മണ്ണ് അവസാനം മണ്ണിലേക്കു തന്നെ ലയിക്കുന്നത്. പക്ഷെ ആ മൺശരീരത്തിനു ജീവനുണ്ടായതും ചലനശേഷി ലഭിച്ചതും സൃഷ്ടികർത്താവിന്റെ ശ്വാസം ലഭിച്ചതുകൊണ്ടാണ്. നമ്മുടെ ശ്വാസമാണ് നമ്മെ ജീവിപ്പിക്കുന്ന ഘടകം. ശ്വാസം ഇല്ലാതെ വരുമ്പോൾ നിർജ്ജീവമായിത്തീരുന്നു.

അടുത്തതായി മനുഷ്യർ സൃഷ്ടികർത്താവിനോടു ബന്ധപ്പെട്ടിരിക്കുന്നതിനാൽ നമുക്ക് അവന്റെ കല്പനകളും നിർദ്ദേശങ്ങളും അനിവാര്യമാണ്. കാരണം നമ്മിൽ പരിമിതികളുണ്ട്.

നമ്മുടെ കഴിവിനും അറിവിനും പരിമിതിയുണ്ട്. അതുകൊണ്ട് ദൈവ സഹായം ഇല്ലാതെ നമുക്കു നിലനില്പാനാവില്ല. മനുഷ്യരാരും സ്വയം പര്യാപ്തരല്ല എന്നർത്ഥം. അതുകൊണ്ട് ദൈവം മനുഷ്യർക്കു ചട്ടങ്ങളും വിധികളും നല്കിയിരിക്കുന്നു. അവ ലംഘിക്കുമ്പോഴാണ് നമുക്കു കുഴപ്പങ്ങൾ ഉണ്ടാകുന്നത്. നമ്മുടെ മനസ്സിനെ തെറ്റു ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ഘടകം പ്രവർത്തിക്കുന്നുണ്ട്. അതിനെ തരണം ചെയ്യുവാനും നമുക്കു മാർഗ്ഗ നിർദ്ദേശം ആവശ്യമാണ്. എല്ലാ മത ഗ്രന്ഥങ്ങളിലും നല്ല വഴികൾ ധാരാളമുണ്ട്. എന്നാൽ ആധികാരികമായി തെളിയിക്കപ്പെട്ടതും പ്രായോഗികവുമായ ഒന്നാണ് ബൈബിൾ. സത്യത്തിനും നീതിക്കും ഒരിക്കലും മാറ്റമോ ഭേദഗതിയോ ആവശ്യമില്ല. തിരുവെഴുത്തുകൾ ഒക്കെയും സത്യമാണ്. സകലത്തിലും നാം തികഞ്ഞവർ ആകേണ്ടതിനു എഴുതിയിരിക്കുന്നതാണ് അതിലെ കല്പനകൾ. അതുകൊണ്ടു സത്യം തിരിച്ചറിയേണ്ട കടമ നമുക്ക് ഓരോരുത്തർക്കും ഉണ്ട്. നല്ലതും മോശമായവയുമായ വസ്തുക്കളെ വിവേചിക്കുവാൻ നമുക്കു ദൈവം അവസരം തന്നിരിക്കയാണ്. ഈ ലോകത്തിൽ സത്യവും അസത്യവും ഇടകലർന്നു കിടക്കുകയാണ്. ആകയാൽ സത്യത്തെ അസത്യത്തിൽ നിന്നു വേർതിരിച്ചറിയേണ്ടവരാണ് നാം.

മറ്റൊന്നു നമ്മുടെ ഈ ലോക ജീവിതം ശാശ്വതമല്ല എന്നതാണ്. അതുകൊണ്ടു മരണശേഷം എന്തു സംഭവിക്കും എന്നു നാം അറിയാതിരിക്കരുത്. മരണം ജനിച്ചവർക്കുള്ളതാണ്. മരണശേഷം നമ്മിൽ സൃഷ്ടിച്ചപ്പോൾ തന്നിരിക്കുന്ന ആത്മാവിനു മരണമില്ല. ആത്മാവു ദൈവ രൂപമാണ്. അതിനാൽ ആത്മാവ് നിത്യമാണ്. ദൈവ കല്പന പ്രകാരം അവസാനത്തോളം ജീവിച്ച മനുഷ്യർക്കു ഭയപ്പെടാനില്ല. അവർക്കു നിത്യവും ദൈവവുമായ് വസിക്കാം. പക്ഷെ ദൈവ കല്പന മാനിക്കാതെ ലോക പ്രകാരം ജീവിക്കുന്ന മനുഷ്യർക്കു മരണ ശേഷം ന്യായവിധിയും നിത്യശിക്ഷാവിധിയും ആണ് ഉള്ളത്. ജീവിച്ചിരിക്കുമ്പോൾ നമുക്ക് നമ്മുടെ അവസ്ഥക്കു മാറ്റം വരുത്താം. കാരണം തിരഞ്ഞെടുക്കുവാനുള്ള അവസരം നമുക്ക് ഉണ്ട്. അനേകർ ലൗകിക ജീവിതത്തിനാണ് മുൻതൂക്കം കൊടുക്കുന്നത്. അവരുടെ സമയം അധികവും അതിനായി ഉപയോഗിക്കുന്നു. മതപരമായ കാര്യങ്ങളിൽ

അവർ നാമമാത്രമായി പങ്കെടുക്കുന്നു. അവർ തങ്ങളുടെ ജീവിതം ശരിയാക്കിയില്ലെങ്കിൽ ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും അവർക്കു സ്വസ്ഥത ലഭിക്കുകയില്ല.

നിങ്ങൾ ബൈബിൾ വായിച്ചിട്ടുണ്ടോ? ദൈവ കല്പനകളും പ്രമാണങ്ങളും അനുസരിച്ചിട്ടുണ്ടോ? ആത്മാവിന്റെ രക്ഷയ്ക്കായി ദൈവേഷ്ടം അനുസരിച്ചിട്ടുണ്ടോ? ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും നിങ്ങൾ വിശ്വസിക്കയും പാപങ്ങളിൽ നിന്നു മാനസ്സാന്തരപ്പെട്ടു യേശു ദൈവപുത്രൻ എന്നു ഏറ്റു പറഞ്ഞു പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്താൽ കർത്താവു നിങ്ങളെ രക്ഷിക്കും. പിന്നെ നിങ്ങൾ മരണത്തോളം വചനപ്രകാരം വിശ്വസ്തമായി ജീവിക്കയും ദൈവത്തെ ആരാധിച്ചു സേവിക്കുകയും ചെയ്യുക. അങ്ങനെയായാൽ നിങ്ങളുടെ ജീവിതം ഭദ്രമായി.

✶

## എന്തുകൊണ്ടാണ് നാം ഇവിടെ
## J.C. ചോട്ട്

നിങ്ങൾ ആരാണ് ? നിങ്ങൾ എവിടെ നിന്നാണ് വന്നത് ? ഇവിടെ നിന്നു എവിടേക്കാണ് ഇനി പോകുന്നത് ? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരം നൽകുവാൻ നിരവധി ആളുകൾക്കു കഴി.യുന്നില്ല എന്നു നിങ്ങൾക്കറിയാമോ ? അവർ ആരാണെന്നോ, എവിടെ നിന്നു വന്നു എന്നോ അവർക്കു അറിയില്ല. അവർ ഇവിടെ എന്തൊക്കെയോ ചെയ്തു കടന്നു പോകുന്നു.

ഇന്നു ലോകത്തിൽ പലരും പരിണാമ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നുണ്ട്. ജീവൻ ഒരു ചെറിയ അണുവിൽ നിന്നുണ്ടായി എന്നാണവർ വിശ്വസിക്കുന്നത് അവർ കരുതുന്നതു ഒരു-കുരങ്ങ് പോലെയുള്ള ജന്തു വായിതീരുന്നതുവരെ ജീവൻ വികസിച്ചു കൊണ്ടിരുന്നു അവസാനം മനുഷ്യനും ആയി എന്നാണ്. ബുദ്ധിശക്തിയുള്ള ആളുകൾ അതു പഠിപ്പിക്കുന്നതു എത്ര വിഡ്ഡിത്തമാണ് എന്നോർക്കുക. കാരണം അടിസ്ഥാനമില്ലാത്ത സിദ്ധാന്തത്തിൽ അവർക്ക് എങ്ങനെ ആധികാരികമായി വിശ്വസിക്കുവാൻ കഴിയുക? ഒരു കുരങ്ങിൽ നിന്നു മനുഷ്യനായിത്തീർന്നു എന്ന വിലകുറഞ്ഞ ആശയത്തെ വിശ്വസിപ്പിക്കുന്നതുപോലും വാസ്തവത്തിൽ അവി

ശ്വസനീയമായി തോന്നുന്നു. സിദ്ധാന്തം വലിയ യാഥാർത്ഥ്യമായി നമുക്കു ചുറ്റും പ്രചരിപ്പിക്കുന്നു. എന്നാൽ ജീവൻ എന്നുമുതലാണ് ഭൂമിയിലുണ്ടായത്? തെറ്റായ ആശയങ്ങൾ പഠിപ്പിക്കുന്നവർക്കു അതിനു ഒരു ആരംഭം നല്കുവാൻ കഴിയുന്നില്ല. എന്നാൽ ദൈവത്തിൽ വിശ്വസിക്കുന്നവർക്കു അതിന്റെ ഉത്ഭവം കണ്ടെത്തുവാൻ കഴിയും. ധാരാളം ആളുകൾ ഇന്നു തെറ്റിദ്ധരിക്കപ്പെടുവാൻ കാരണം ഇത്തരത്തിലുള്ള അബദ്ധ ജഡില ചിന്താഗതികൾ വ്യാപിച്ചതുകൊണ്ടാണ് എന്നു നിസ്സംശയം പറയാം.

കുറച്ചു വർഷങ്ങൾക്കു മുൻപു അമേരിക്കയിലെ സൈന്യത്തിലെ ജോലിയിൽ നിന്നു വിരമിച്ച ആളായിരുന്നു അർതർ ഹെയ്ലി. അദ്ദേഹം കറുത്ത മനുഷ്യരുടെ ഉത്ഭവ ചരിത്രം മനസ്സിലാക്കുവാൻ ശ്രമിച്ചു. അദ്ദേഹവും കറുത്ത മനുഷ്യരായിരുന്നു. അദ്ദേഹം വസ്തുതകൾ ശേഖരിക്കുവാൻ തുടങ്ങി. അതിനായി അദ്ദേഹം ആഫ്രിക്കയിലെ ചെറിയ രാജ്യമായ സാമ്പിയയിലെത്തി. അവിടെ നിന്നും അദ്ദേഹം തന്റെ പൂർവികരുടെ ജീവിതരീതിയും മറ്റും അദ്ദേഹം കുറെ മനസ്സിലാക്കി. അവരെ അടിമകളാക്കി അമേരിക്കയിലേക്കു കൊണ്ടുപോയതും, അവസാനം സ്വതന്ത്രരായതും അവിടെ വച്ചു അദ്ദേഹം ജനിച്ചതും എല്ലാം തിരിച്ചറിഞ്ഞു. അദ്ദേഹം അതിനെക്കുറിച്ചു എഴുതിയ പുസ്തകം ആ വർഷത്തെ ഏറ്റവും അധികം വിറ്റഴിഞ്ഞ പുസ്തകമായിത്തീർന്നു. തുടർന്നു ടിവിയിൽ അതിനെക്കുറിച്ചു പരമ്പരകളും വന്നു. അതിന്റെ പേർ റൂട്സ് എന്നായിരുന്നു. ഇതു ആയിരക്കണക്കിനു ആളുകളുടെ വേർ കണ്ടുപിടിക്കുവാൻ പ്രേരണയായിത്തീർന്നു.

തീർച്ചയായും രേഖകൾ ഉണ്ടെങ്കിൽ അതിലേക്കു ചെല്ലുന്നതു രസാവഹം തന്നെയാണ്, പൂർവ്വിക പിതാക്കന്മാരെ കണ്ടെത്തുവാൻ ശ്രമിക്കുന്നതും നല്ലതാണ്. പക്ഷെ അതുനിർത്താതെ തുടർന്നു പോയാൽ വംശാവലി ചെന്നെത്തുന്നതു ആദാമിലും ഹവ്വയിലുമാണ്. കാരണം അവരെ ദൈവം സൃഷ്ടിച്ചതായി പറയുന്നു. അതുകൊണ്ടു മനുഷ്യരുടെ ഉത്ഭവം ദൈവത്തിൽ നിന്നാണ്(ഉല്പത്തി 1:26,27).

നാം ബൈബിൾ കൂടുതൽ പരിശോധിച്ചാൽ, ദൈവം പുരുഷനെയും സ്ത്രീയെയും സൃഷ്ടിക്കുക മാത്രമല്ല, അവൻ അവരെ

ദരുദ്ദേശത്തോടുകൂടെയാണ് സൃഷ്ടിച്ചത്, അങ്ങനെ അവർ ദൈവത്തിന്റെ മക്കളായിത്തീർന്നു.ഏദെൻ തോട്ടത്തിൽ അവരെ നിത്യമായി വസിക്കുവാൻ അവർക്കു അവസരം നിഷേധിച്ചതുമില്ല. എന്നാൽ നന്മ തിന്മ കളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൽ നിന്നുള്ള ഫലം അവർക്കു പറിച്ചു തിന്നാമായിരുന്നില്ല. ആ വൃക്ഷഫലം തിന്നുന്ന നാളിൽ അവർ മരിക്കുമെന്നു ദൈവം അവരോടു കല്പിച്ചിരുന്നു. തീർച്ചയായും സംഭവം നമുക്കറിയാം,പഴയ പാമ്പായ, സാത്താൻ ഹവ്വയുടെ അടുക്കൽ വരുകയും, അതുതിന്നാൽ മരിക്കുകയില്ല എന്നു സാത്താൻ അവളോടു പറഞ്ഞു, തന്നെയുമല്ല, അതുകേട്ടു ഫലം പറിച്ചു തിന്നുകയും ഭർത്താവിനു നല്കുകയും .തൽഫലമായി അവർ നന്മയെയും തിന്മയെയും തിരിച്ചറിഞ്ഞു.തങ്ങൾ നഗ്നരെന്നു തിരിച്ചറിഞ്ഞു. അവർ പാപികളായിത്തീർന്നു. അങ്ങനെ ആത്മീയമായി അവർ തോട്ടത്തിൽ നിന്നു പുറത്തായി (ഉല്പത്തി 2,3).

മനുഷ്യൻ അങ്ങനെ നിയമലംഘനത്തിൽ പാപികളായിത്തീർന്നതുകൊണ്ടു അവരെ വീണ്ടെടുക്കാൻ ദൈവം തന്റെ പുത്രനെ വാഗ്ദാനം ചെയ്തു. ക്രിസ്തു വന്നപ്പോൾ ആ നേട്ടം കൈവരിച്ചു. അവൻ മനുഷ്യർക്കിടയിൽ വസിച്ചു ക്രമേണ അവനെ ക്രൂശിൽ തറയ്ക്കുകയും അവൻ സർവ്വ ലോകത്തിന്റേയും പാപത്തിനായി മരിക്കുകയും ചെയ്തു. അവൻ അങ്ങനെ ചെയ്തതുകൊണ്ടു മനുഷ്യനു ദൈവത്തിലേക്കു അടുത്തു ചെല്ലുവാനും ദൈവമക്കൾ ആകുവാനും അവസരം ലഭിച്ചു. തുടർന്നു കർത്താവിന്റെ സകല അനുഗ്രഹത്തെയും ഈ ലോകത്തിൽ അനുഭവിക്കാനും, മരണശേഷം നിത്യമായി ദൈവത്തോടുകൂടെ ജീവിക്കുവാനും കഴിയും. നാം ഇതു ബൈബിളിലെ പുതിയ നിയമ പുസ്തകങ്ങളായ മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ പുസ്തകഭാഗങ്ങളിൽ വായിക്കുന്നുണ്ട്. സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതും ഭാവിയിൽ സംഭവിക്കുവാനിരിക്കുന്നതുമായ ദൈവശ്വാസിയമായ രേഖയാണത്. മനുഷ്യനെ വീണ അവസ്ഥയിൽ നിന്നു ഉയർന്ന സ്ഥിതിയിലേക്കു പുനരേകീകരിക്കുന്നതിനു എന്താണ് ചെയ്യേണ്ടത് എന്നു രേഖപ്പെടുത്തിയിരിക്കുന്നതു നമ്മെ സഹായിക്കുവാനാണ്.

എബ്രായ ലേഖകൻ അതിനെ ഇങ്ങനെ പറഞ്ഞിരിക്കുന്നു. “എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം

ആസ്വദിച്ചു ഉയിർത്തെഴുന്നേറ്റതിനാൽ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു:അങ്ങനെ തന്നെ നാം ആകുന്നു.ലോകം അവനെ അറിഞ്ഞിട്ടില്ലായ്ക കൊണ്ട് നമ്മെയും അറിയുന്നില്ല. പ്രിയമുള്ളവരെ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുമ്പോലെ തന്നേ കാണുന്നതാക കൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവർ എല്ലാം അവൻ നിർമ്മലൻ ആയിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു.(1 യോഹന്നാൻ 3:1–3).

എന്നാൽ നാം എങ്ങനെ ദൈവമക്കൾ ആകും? അതു ദൈവത്തിലും ക്രിസ്തുവിലും വിശ്വസിക്കയും മാനസ്സാന്തരപ്പെട്ടു ദൈവവഴിയിലേക്കു തിരിഞ്ഞ് യേശു ദൈവപുത്രനാണെന്നു ഏറ്റു പറഞ്ഞു, പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്യണം(യോഹന്നാൻ 3:3–5; (പ്രവൃത്തികൾ 2:38; മത്തായി 10:32, പ്രവൃത്തികൾ 22:16).പിന്നീട് പൗലൊസ് പറയുന്നു, "ക്രിസ്തു യേശുവിവുള്ള വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവമക്കളാകുന്നു;ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു"(ഗലാത്യർ 3:26,27) നമ്മെ ക്രിസ്തുവിനോടു ചേർക്കുകയും, ദൈവമക്കളാക്കുകയും ചെയ്യുന്ന സ്നാനം നമ്മെ അവന്റെ സഭയിലേക്കു ചേർക്കുന്നു (1 കൊരിന്ത്യർ 12:13) കർത്താവു രക്ഷിക്കപ്പെടുന്നവരെ സഭയോടു ചേർത്തു കൊണ്ടിരുന്നതായി നമ്മോടു പറഞ്ഞിരിക്കുന്നു(പ്രവൃത്തികൾ 2:47)

അതുകൊണ്ടു നാം ആരാണ്? ഭൗതികമായി, നമ്മുടെ മുൻഗാമികളെ കണ്ടെത്താം. അവസാനം ചെന്നെത്തുന്നത് ആദാമിലും ഹവ്വയിലുമാണ്, കാരണം ദൈവം അവരെയാണ് ആദ്യ മനുഷ്യരായി സൃഷ്ടിച്ചത്. ആത്മീയമായി , നാം ദൈവത്തെ അനുസരിക്കുമ്പോൾ, കർത്താവു നമ്മെ തന്റെ സഭയോടു ചേർക്കുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുമ്പോൾ നാം ദൈവമക്കളായിത്തീരുന്നു,അതുപോലെ നാം ക്രിസ്ത്യാനികളുമാകുന്നു(പ്രവൃത്തികൾ 11:26). അങ്ങനെ നാം ക്രിസ്തുവിന്റെ സഭയിൽ അംഗങ്ങളാകുമ്പോൾ ദൈവഭവനത്തിൽ നമുക്കു പ്രത്യാശയുണ്ട്. നാം മരണത്തോളം വിശ്വസ്തരായി ജീവിച്ചാൽ നമുക്കു നിത്യജീവൻ ദൈവം

വാഗ്ദാനം ചെയ്തിട്ടുണ്ട് (വെളിപ്പാട് 2:10) അതായതു മരണശേഷം നമുക്കു സ്വർഗ്ഗത്തിൽ എന്നേക്കും ദൈവവുമായി വസിക്കാം.

## സഭയുടെ ശരിയായ പേര്?

### ക്ലെം തർമാൻ

ഇതു വലിയൊരു ചോദ്യം തന്നെയാണ്. ഇതു നമ്മെ നാമധേയ വിഭാഗങ്ങൾ ഇല്ലാത്ത ക്രിസ്ത്യാനിത്വത്തിലേക്കാണ് നമ്മെ നയിക്കുന്നത്. സഭയ്ക്കു ഒരു പ്രത്യേക പേര് ബൈബിളിൽ നല്കിയിട്ടില്ല എന്നു അതിസ്പഷ്ടമായി ഞാൻ വ്യക്തമാക്കട്ടെ. സഭയെ വേദ പുസ്തകത്തിൽ പല പദങ്ങളാൽ വിളിച്ചിട്ടുള്ളതു വാസ്തവമാണ്. പക്ഷെ അവയൊന്നും പേരല്ല എന്ന കാര്യം നാം മനസ്സിലാക്കണം. ഉദാഹരണമായി പറഞ്ഞാൽ ഞാൻ ഒരു പ്രാസംഗികനാണ്, എഡിറ്റർ ആണ്. ഉപദേഷ്ടാവാണ് ഒരു ഭർത്താവാണ്. എന്നാൽ ഈ പറഞ്ഞതൊന്നും എന്റെ പേരല്ല. എന്റെ പേര് ക്ലെം തർമാൻ എന്നാണ്. മറ്റു പദങ്ങൾ ഞാൻ മുകളിൽ ഉപയോഗിച്ചത് എന്നെ വിവരിക്കുന്നതിനാണ്. പക്ഷെ ആ വിവരണങ്ങൾ ഒന്നും എന്റെ പേരല്ല. സഭയെ സംബന്ധിച്ചും ഇതേ തത്വമാണ് നാം എടുക്കേണ്ടത്.

യേശു പറയുകയുണ്ടായി, "ഞാൻ എന്റെ സഭയെ പണിയും" എന്ന്. അതിന്റെ അർത്ഥമോ, സഭ പണിതത് ക്രിസ്തുവാണ്. അവനാണ് അതിന്റെ ഉടമസ്ഥൻ എന്നു വിശദമാക്കിയിരിക്കയാണ്. എന്റെ സഭ എന്നതു പേരല്ല. താൻ സ്വന്ത രക്തം കൊടുത്തു സമ്പാദിച്ച ദൈവത്തിന്റെ സഭ എന്നു പറഞ്ഞിട്ടുണ്ട് (പ്രവൃത്തി 20:28) ദൈവത്തിന്റെ സഭ എന്നതും പേരല്ല. അതുപോലെ ആദ്യജാതൻമാരുടെ സഭ എന്നും പരാമർശിച്ചിട്ടുണ്ട് (എബ്രായർ 12:23). അതും പേരായിട്ടല്ല കൊടുത്തിട്ടുള്ളത്. എന്റെ മാതാപിതാക്കൾ എനിക്കു പേരിട്ടു. അതേപോലെ എന്റെ കുടുംബത്തിലെ മറ്റംഗങ്ങൾക്കും പേരിട്ടിട്ടുണ്ട്.അവരുടെ പേര് മറ്റുള്ളവർക്ക് ബാധകമല്ല. മറ്റുള്ള പേരിനാൽ ഞാൻ അറിയപ്പെടാനും പാടില്ല സഭയെ സംബന്ധിച്ച് ദൈവം പേരിടാത്ത സ്ഥിതിക്കു മനുഷ്യർക്ക് പേരിടുവാൻ ദൈവം അധികാരം കൊടുക്കാതിരിക്കുകയും ചെയ്യുമ്പോൾ അതു വ്യക്തമാണ്.

സഭയെ ദൈവേഷ്ടപ്രകാരം കാണുവാനുള്ള കാഴ്ച്ചപ്പാടാണ് എല്ലാവർക്കും വേണ്ടത്. വെളിപ്പെടുത്തിയിരിക്കുന്ന വസ്തുതയിൽ ഒതുങ്ങി നില്ക്കുക. ദൈവത്തിന്റെ പരമോന്നതമായ അധികാരത്തെ നാം മാനിക്കണം എന്നർത്ഥം.

സഭയ്ക്കു ബൈബിളിൽ ഉപയോഗിച്ചിരിക്കുന്ന പദങ്ങളത്രയും വിശേഷണ വിശദീകരണങ്ങളാണ്. അതിന്റെ സ്വഭാവത്തെയും വിശേഷിപ്പിച്ചിട്ടുണ്ട്. അതായത് സഭ ആരുടേതാണ്? സഭ എന്നാൽ എന്താണ്? അതിൽ അടങ്ങിയിരിക്കുന്നതെന്താണ് എന്നെല്ലാം ഓരോ പദങ്ങളാൽ വിശേഷിപ്പിച്ചിട്ടുണ്ട്. എന്റെ സഭ എന്ന കർത്താവിന്റെ പ്രസ്താവനയും ദൈവത്തിന്റെ സഭ എന്ന പൗലൊസിന്റെ പ്രസ്താവനയും ഉടമസ്ഥാവകാശത്തെ അല്ലെങ്കിൽ അധികാരത്തെയാണ് സൂചിപ്പിക്കുന്നത്. സഭയുടെ തല എപ്പോഴും ക്രിസ്തുവാണ്. കൊരിന്തിലുള്ള ദൈവ സഭ എന്നും ഗലാത്യ സഭകൾ, തെസലൊനിക്യ സഭ എന്നെല്ലാം പറഞ്ഞിരിക്കുന്നത് ഓരോ പ്രദേശത്തുള്ള സഭകളെ എടുത്തുകാണിക്കുന്നതിനാലാണ്. അല്ലാതെ ആ പേരുകളിൽ തന്നെ മറ്റെല്ലായിടത്തും അറിയപ്പെടാൻ വേണ്ടിയല്ല. തിരിച്ചറിയുന്നതിനു വേണ്ടിയാണ്. നമ്മുടെ കാലയളവിലും മറ്റേതു കാലയളവിലും ദൈവത്തിന്റെ ഉദ്ദേശത്തെയും ആലോചനയെയും നാം അറിയാതിരിക്കരുത്.

തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ള പദങ്ങളാൽ ഏതെങ്കിലും ഒരു സ്ഥലത്തെ ഒരു കൂട്ടം ക്രിസ്ത്യാനികൾ അറിയപ്പെടുന്നുവെങ്കിൽ അത് അവർ ആരാണെന്നും എങ്ങനെയുള്ളവർ ആണെന്നും വ്യക്തമാക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് പുതിയ നിയമ വിശ്വാസികൾ തങ്ങളെ തന്നെ ക്രിസ്തുവിന്റെ സഭ എന്നു വിളിക്കുന്നത്? ദൈവകല്പന പ്രകാരം വിശ്വസിക്കുകയും അതനുസരിക്കുകയും അവ്വണ്ണം ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നവരെ തിരിച്ചറിയുന്നതിനുവേണ്ടിയാണ്. അപ്പൊസ്തലനായ പൗലൊസ് റോമർക്കു ലേഖനം എഴുതുമ്പോൾ ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു എന്നു പറഞ്ഞിട്ടുണ്ട് (റോമർ 16:16).

★

# യോഹന്നാൻ3:5-ബൈബിൾ വ്യാഖ്യാനം

## ദില്ലാർഡ് തർമാൻ

യേശുക്രിസ്തുവിന്റെ ഉപദേശങ്ങളിൽ പുതിയ ജനനത്തെ പ്രതിപാദിക്കുന്ന യോഹന്നാൻ മൂന്നാം അദ്ധ്യായത്തിലെ ചില വേദ ഭാഗങ്ങൾ അധികമായി വിവാദവിഷയമായി തീർന്നിട്ടുണ്ട്.സെമിനാരികളിലും മറ്റു ചില വേദ പഠന സ്ഥാപനങ്ങളിലും ഡ്രൈ ക്ലീനിംങ് കോഴ്സ് പോലെയാണ് നടക്കുന്നത്. യേശുക്രിസ്തു പഠിപ്പിച്ച ഈ ഉപദേശം പഠിപ്പിച്ചിട്ടില്ലാത്ത മട്ടിൽ നിരസിച്ചിരിക്കയാണ് അവർ. നമ്മുടെ കർത്താവിന്റെ വ്യക്തമായ, തുറന്ന പ്രസ്താവനയെ നിഷേധിക്കുന്നവരുടെ മനസു തല തിരിഞ്ഞു പോയിരിക്കുന്നവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.എന്താണിതിനു കാരണം? ആ വേദ ഭാഗം ഇവർ തെറ്റിദ്ധരിച്ചതുകൊണ്ടാണോ? അതോ അവർ അതിനു പ്രാധാന്യം കല്പിക്കാത്തതാണോ? അങ്ങനെയാണെങ്കിൽ മന:പൂർവ്വം അവഗണിക്കയായിരിക്കുമല്ലോ.

യേശു നിക്കൊദേമോസിനോടു: ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല എന്നു ഉത്തരം പറഞ്ഞു (യോഹന്നാൻ 3:5). ഇതു നമുക്കു മനസിലായോ ഇല്ലയോ എന്നതല്ല പ്രശ്നം. അവൻ പറഞ്ഞതു സമ്മതിക്കാനുള്ള മനോഭാവമാണ് വേണ്ടത്. യേശു എന്ത് അർത്ഥമാക്കിയോ അതാണ് പ്രസ്താവിച്ചത്. നാം ചോദ്യം ചെയ്യാതെ അവന്റെ അധികാരത്തെ മാനിക്കണം. അങ്ങനെയായാൽ സത്യവചനങ്ങൾ മനസ്സിലാക്കാൻ നമുക്കു വലിയ വിഷമം ഒന്നും ഉണ്ടാവുകയില്ല. വളരെ ലളിതമായ പദപ്രയോഗമാണ് യേശു ഈ ഭാഗത്തു നടത്തിയിരിക്കുന്നത്. എല്ലാവർക്കും മനസ്സിലാകുന്ന രണ്ടു മൂലകങ്ങളാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. ആത്മാവ് ആരാണെന്നും വെള്ളം എന്താണെന്നും അറിയാത്തവർ അധികവും ഉണ്ടെന്നു തോന്നുന്നില്ല. വലിയ വേദജ്ഞാനമോ പാണ്ഡിത്യമോ കൂടാതെ ആർക്കും മനസ്സിലാകുന്ന ഒന്നാണ്. യേശു ഇതിൽ സ്നാനത്തെയാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ വേദഭാഗം ആരെങ്കിലും തെറ്റിദ്ധരിക്കാനിടയായാൽ അതിനു കാരണം മാനുഷിക ഉപദേശങ്ങളും വിശ്വാസ പ്രമാണങ്ങളും ആയിരിക്കും.

## പരിശുദ്ധാത്മാവ് വചനത്തിലൂടെ പരിവർത്തിക്കുന്നു.

പരിശുദ്ധാത്മാവിനാലുംപരിശുദ്ധാത്മാവു മുഖാന്തിരവുമാണ് ദൈവം തന്റെ വചനം തന്നിട്ടുള്ളത് എന്ന വസ്തുത നാം തിരിച്ചറിയണം. പത്രൊസ് ഇതിനെ വ്യക്തമാക്കുന്നത് ഇങ്ങനെയാണ്, പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2 പത്രൊസ് 1:21). പഴയ നിയമ പുസ്തകങ്ങളും പരിശുദ്ധാത്മാവിൽ നല്കപ്പെട്ടവയാണ് എന്ന കാര്യം നാം മറക്കരുത്.യേശുവിനെ കുറിച്ചു പ്രസ്താവിക്കുമ്പോൾ പറയുന്നതു: ദൈവം അയച്ചവൻ ദൈവത്തിന്റെ വചനം പ്രസ്താവിക്കുന്നു; അവൻ ആത്മാവിനെ അളവുകൂടാതെയല്ലോ കൊടുക്കുന്നത്. ദൈവശ്വാസീയമായ ദൈവത്തിന്റെ വചനം അവനിൽ നിറഞ്ഞിരിക്കുന്നു. കർത്താവ് ചെയ്ത അത്ഭുതങ്ങൾ ദൈവാത്മാവിനാൽ ചെയ്തു. അവൻ സംസാരിച്ചതും പഠിപ്പിച്ചതും പരിശുദ്ധാത്മാവിനാൽ ആയിരുന്നു.

ദൈവ വചനവും പരിശുദ്ധാത്മാവും തമ്മിലുള്ള ഘടനാസാദൃശ്യം യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട് ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനും ആകുന്നു (യോഹന്നാൻ 6:63). ആത്മാവിന്റെ നടത്തിപ്പ് അപ്പൊസ്തലന്മാർക്കു വാഗ്ദാനം ചെയ്യുന്നുണ്ട്. പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും (യോഹന്നാൻ 14:26). അപ്പൊസ്തലന്മാർ എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (പ്രവൃത്തി 2:4). ലൂക്കൊസ് എഴുതിയ ചരിത്രം യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാൾ വരെ അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലോ (പ്രവൃത്തി 1:1–2).

## വചനത്തോടു ബന്ധപ്പെടുവാൻ ജലം ആവശ്യപ്പെട്ടിരിക്കുന്നു.

ഈ പുതിയ ജനനത്തിൽ മറ്റൊരു മൂലകം ഉണ്ട്. വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ നിനക്കു സ്വർഗ്ഗരാജ്യത്തിൽ കടപ്പാൻ കഴികയില്ല എന്നാണ് യേശു പറഞ്ഞത്. വിശ്വാസവും അനുസരണവും പുലർത്തേണ്ട വചനത്തോടുകൂടെ വെള്ളവും ആവശ്യമായി വന്നിരിക്കുന്നു. ഒരാൾ യേശുക്രിസ്തുവിൽ, അവന്റെ സുവിശേഷത്തിൽ വിശ്വാസം അർപ്പിക്കുകയും വെള്ളത്തിൽ സ്നാനമാകുന്ന കല്പന അനുസരിക്കയും വേണം. വിശ്വസിക്കയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും എന്നാണ് കർത്താവ് വാഗ്ദാനം ചെയ്തത് (മർക്കൊസ് 16:16). ഫിലിപ്പൊസ് ശമര്യയിൽ ചെന്നു ക്രിസ്തുവിനെയും ദൈവരാജ്യത്തെയും പ്രസംഗിച്ചതു കേട്ട ശമര്യക്കാർ വിശ്വസിച്ചു. അതിനാൽ സ്ത്രീകളും പുരുഷൻമാരും സ്നാനം ഏറ്റു (പ്രവൃത്തി 8:5,12). വചനത്തെ കൈക്കൊണ്ട എല്ലാവരും വെള്ളത്തിൽ, പാപമോചന സ്നാനം ഏല്ക്കുന്നുണ്ട്.

## വെള്ളവും വചനവും ബന്ധപ്പെടുമ്പോൾ

കർത്താവിന്റെ ശരീരമാകുന്ന മഹത്വകരമായ അവന്റെ സഭയിലാകുന്നു (എഫെസ്യർ 5:25-27). ദൈവരാജ്യമെന്നതു ദൈവ ഭവനമാകുന്നു (എഫെസ്യർ 3:14-15). ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുന്നവർ അവനെ ധരിക്കയാണ് ചെയ്യുന്നത്. അവർ പുതിയ സൃഷ്ടികളായിതീരുന്നു. ദൈവം പിതാവും നാം രാജ്യത്തിലെ പ്രജകളും, അവന്റെ ഭവനത്തിലെ മക്കളും ആകുന്നു. അതുകൊണ്ടു ദൈവ രാജ്യത്തിലെ സ്വർഗ്ഗീയ പൗരൻമാരും അവകാശികളും ആകുന്നു. കർത്താവിന്റെ സഭയിൽ ആയിത്തീരുന്നവർ ഒരു സങ്കേത പട്ടണത്തിലും അഭയ കേന്ദ്രത്തിലും ആയി മാറുന്നു. ആയിരക്കണക്കിനു ആളുകൾ ദൈവ വചനം കൈക്കൊണ്ടതു വിശ്വാസത്താലും വെള്ളത്തിലുള്ള സ്നാനത്താലും ആയിരുന്നു.

ഇന്നും പുതിയ നിയമ വ്യവസ്ഥ പ്രമാണിക്കുന്നവർ വചനത്തോടു ബന്ധം പുലർത്തുന്ന തിരുവെഴുത്തിൽ പറയുന്ന രീതിയി

ലുള്ള സ്നാനം സ്വീകരിക്കും. അങ്ങനെ ചെയ്യുന്നവരെ കർത്താവു വീണ്ടെടുത്തു അവന്റെ അവകാശികളാക്കി മാറ്റും. നിത്യജീവൻ, സ്വർഗ്ഗീയമായ വാസം അവർക്കാണ്.

✶

## പിശാചിനെ തോല്പിക്കാനുള്ള ഏകമാർഗം

### ഗ്യാരി സി.ഹാംടൺ

ശരിയായി ചിന്തിക്കാൻ കഴിയുന്ന ഏതൊരാൾക്കും സംശയലേശമെന്യേ പറയാവുന്ന കാര്യമാണ് സാത്താൻ ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്നു എന്നത്. അക്രമവും ദുഷ്ടതയും നമുക്കു ചുറ്റും വർദ്ധിച്ചുകൊണ്ടിരിക്കയാണ്. നമ്മുടെ ടെലിവിഷനിൽ കൂടെ ദൃശ്യമാകുന്ന കാഴ്ചകൾ തന്നെ സാമാന്യ ധാർമ്മികതക്കപ്പുറത്തുള്ളവയാണ്. ക്രിസ്ത്യാനികത്വത്തിന്റെ ശക്തിയെയും ഫലത്തെയും ചോദ്യം ചെയ്യുന്നവർ പോലും ഉണ്ട്. ഒരു വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കയാണ് എല്ലാവരും. യേശു ക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചിരിക്കുന്നവർ സത്യത്തിൽ നിന്നകന്നു പോകുന്നതിനെയും ആളുകൾ ചോദ്യം ചെയ്യാറുണ്ട്. എന്തുകൊണ്ടാണ് സഭയ്ക്കു സമൂഹത്തിൽ ചെലുത്താൻ കഴിയുന്നതിനേക്കാൾ സ്വാധീനം, സഭയിൽ സമൂഹം ചെയ്യുന്നത്? എന്തുകൊണ്ടു അനേകം പാപികൾ വെളിച്ചത്തിലേക്കു വരുന്നില്ലേ?

ഭിന്നത എന്ന ലളിതവും ശക്തവും മരണകരവുമായ ഒരു വാക്കിൽ തട്ടി നില്ക്കുന്നു. അതാണ് ഭിന്നത എന്നത്. ഇന്നു ലോകത്തിൽ എല്ലാ രാജ്യങ്ങളിലും കാണാവുന്നതാണ്. മതപരമായ ലോകത്തിൽ ഈ വിഭജനം ലോകത്തിൽ അവിശ്വാസം ജനിപ്പിക്കും. മതപരമായ ലോകത്തിൽ കലക്കം ആണ് ഇതുണ്ടാക്കുന്നത്. ഈ കലക്കം സമാധാന പ്രഭുവിൽ നിന്നുത്ഭവിച്ചതല്ല. ആത്മീയ വരങ്ങളെ കുറിച്ച് അറിവില്ലാതിരുന്ന കൊരിന്ത്യാ സഭക്കു അപ്പൊസ്തലനായ പൗലൊസ്, അതെങ്ങനെ ഉപയോഗിക്കണമെന്നു നിർദ്ദേശിക്കുന്നുണ്ട്.അവൻ അവരോടു പറഞ്ഞു:പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്കു കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമത്രെ(1 കൊരിന്ത്യർ 14:32-33).

ക്രിസ്ത്യാനിത്വത്തെ കലക്കിയിട്ടിരിക്കുന്ന സമൂഹം അതിന്റെ ശക്തിയെയും സ്വാധീനത്തെയും എങ്ങനെ അനുഭവിക്കും ?

ഈ ഭിന്നത എന്ന പ്രശ്നത്തിനുള്ള ഏക പരിഹാരം ഐക്യതയാണ്. നമ്മുടെ സമൂഹത്തെ എങ്ങനെയെങ്കിലും മാറ്റിയെടുക്കാൻ സഹായിക്കുകയാണെങ്കിൽ ദൈവ ഭയമുള്ളവർ ശ്രമിക്കേണ്ടതു ഈ വിധത്തിലാണ്.നമ്മുടെ സാമാന്യ ബുദ്ധി ദൈവ നീതിയായി ഉണരണം. ദുഷ്ടനിൽ നിന്നു തന്റെ ശിഷ്യന്മാരെ വിടുവിക്കേണ്ടതിനു; തന്റെ ക്രൂശീകരണത്തിനു മുൻപ് അവർക്കായി പ്രാർത്ഥിക്കുന്നുണ്ട്. പിശാചിന്റെ തന്ത്രത്തിൽ നിന്നും അവന്റെ ഉപായ പ്രവർത്തനത്തിൽ നിന്നും അവർ വിമുക്തരായിരിക്കേണ്ടതു ആവശ്യമായിരുന്നു. പിന്നീട് ദൈവ വചനം കേട്ട് അനുസരിക്കുവാനിരിക്കുന്നവർക്കു വേണ്ടിയും അവൻ പ്രാർത്ഥിക്കുന്നുണ്ട്. ഇവർക്കു വേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ (യോഹന്നാൻ 17:20-21).ലോകത്തുള്ള മനുഷ്യരെ ക്രിസ്തുവിലേക്കു കൊണ്ടു വരുവാൻ നമുക്ക് ഐക്യത ആവശ്യമാണ്. എങ്ങനെ നമുക്ക് ഐക്യത കൈവരിക്കാം?

## ഒരു പൊതു നിർദ്ദേശത്തിന്റെ ഉറവിടം

ആദ്യമായി എല്ലാവർക്കും സ്വീകാര്യമായ ഒരു പൊതു നിർദ്ദേശം ആവശ്യമാണ്. "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ടു; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹന്നാൻ 12:48). ന്യായവിധി യേശുക്രിസ്തുവിന്റെ വചനാടിസ്ഥാനത്തിലായതിനാൽ അവയാണ് സ്വീകാര്യമായ ഏറ്റവും നല്ല നിർദ്ദേശം. അവന്റെ കല്പനകളും ഉപദേശങ്ങളും മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷ ഭാഗങ്ങളിൽ കാണാം. "തെയോഫിലൊസേ, ഞാൻ എഴുതിയ ഒന്നാമത്തെ ചരിത്രം യേശു തിരഞ്ഞെടുത്ത അപ്പൊസ്തലന്മാർക്കു പരിശുദ്ധാത്മാവിനാൽ കല്പന കൊടുത്തിട്ടു ആരോഹണം ചെയ്ത നാൾ വരെ അവൻ

ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ചു ആയിരുന്നുവല്ലോ" (പ്രവൃത്തി 1:1). ആകയാൽ പുതിയ നിയമത്തിലെ ആദ്യത്തെ പുസ്തകങ്ങളിൽ യേശുവിന്റെ ഉപദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവൻ പഠിപ്പിച്ച കാര്യങ്ങൾ എല്ലാം തന്നെ സ്വയമായവയായിരുന്നില്ല. പിതാവിന്റെ ഉപദേശമായിരുന്നു. ശത്രുവിന്റെ പ്രലോഭനങ്ങളിൽ കുടുങ്ങാതെ അവനെ പരാജയപ്പെടുത്തുവാൻ ഈ ഉപദേശപ്രകാരമുള്ള ജീവിതമാണാവശ്യം.

പുതിയ നിയമത്തിലെ ശേഷം ഭാഗങ്ങളും ക്രിസ്തുവിന്റെ വചനമായി തന്നെ നാം തിരിച്ചറിയണം. യേശു, അപ്പോസ്തലന്മാരോടു പറഞ്ഞതു പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ അവർക്കു സകലവും ഉപദേശിച്ചുകൊടുക്കുമെന്നും ഓർമ്മിപ്പിക്കുമെന്നുമാണ് (യോഹന്നാൻ 14:26; 16:13). നാം ദൈവസന്നിധിയിൽ കൊള്ളാകുന്നവരായി കാണപ്പെടണമെങ്കിൽ നാം പുതിയ നിയമം ശ്രദ്ധയോടെ വായിച്ച് പഠിച്ച് അനുസരിച്ചു ജീവിക്കുകയും ദൈവത്തെ സേവിക്കുകയും ചെയ്യും.

## ഒരേ ഒരു വിശ്വാസം മാത്രം

"നിങ്ങൾക്കു നിങ്ങളുടെ വിശ്വാസം, എനിക്ക് എന്റെ വിശ്വാസം" എന്ന പൊതുവായ ഒരു പ്രസ്താവന നിങ്ങൾ കേട്ടിരിക്കാം. പല വിശ്വാസം ദൈവത്തിൽ നിന്നോ അപ്പോസ്തലന്മാരിൽ നിന്നോ ലഭിച്ചില്ല. നമുക്കു ലഭിച്ചത് ഏക വിശ്വാസമാണ് (എഫെസ്യർ 4:4-5). ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ പ്രബോധിപ്പിച്ചുകൊണ്ടു യൂദയും വിശുദ്ധന്മാർക്കായി ഒരിക്കലായി തന്നിരിക്കുന്ന ഏക വിശ്വാസത്തെ പരാമർശിച്ച് എഴുതിയിട്ടുണ്ട്(യൂദാ 3). ഒന്നാമത്തെ സുവിശേഷ യാത്രക്കുശേഷം പൗലോസും ബർന്നബാസും ലുസ്ത്ര, ഇക്കോന്യ, അന്ത്യോക്യ എന്നീ സ്ഥലങ്ങളിൽ ശിഷ്യന്മാരെ ഏക വിശ്വാസത്തിൽ നിലനില്ക്കാൻ ഉത്തേജിപ്പിക്കുന്നുണ്ട് (പ്രവൃത്തികൾ 14:21-22).

ക്രിസ്തുവിനെ പിൻപറ്റുന്നവർ സ്വീകരിക്കേണ്ട വിശ്വാസവും ജീവിത മാതൃകയും, ദൈവശ്വാസീയരായ അപ്പൊസ്തലന്മാരും ലേഖകരും പ്രതിപാദിച്ചിട്ടുണ്ട്. അതു ആർക്കും മാറ്റാവുന്നതല്ല. എല്ലാവർക്കും ഉള്ള ഏകനിലവാരമാണ് അത്. നിങ്ങൾ ഈ പുതിയ നിയമ

വിശ്വാസത്താൽ ആണോ ജീവിക്കുന്നത് എന്നു നിങ്ങൾ തന്നെ ശോധന ചെയ്യുക. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ യേശുക്രിസ്തു നിങ്ങളിൽ ഉണ്ടു എന്നു നിങ്ങളെത്തന്നേ അറിയുന്നില്ലയോ? (2 കൊരിന്ത്യർ 13:5–6).

## വിഭാഗീയ രഹിത ക്രിസ്ത്യാനിത്വം

### ഗ്ലെൻ കോളെ

ഒരാൾ ഏതെങ്കിലും നാമധേയ വിഭാഗത്തിൽ അംഗമാണ് എന്നു പറയുന്നതു തികച്ചും സമൂഹത്തിൽ അംഗീകരിച്ചിരിക്കുന്ന വസ്തുതയാണല്ലൊ. എന്നാൽ അതിന്റെ ഗൗരവാവസ്ഥ ആരും പരിഗണിക്കുന്നില്ല. ആളുകളുടെ കാഴ്ച്ചപ്പാടിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ അംഗമായിരിക്കണം എന്നേയുള്ളു. അതേതായാലും കുഴപ്പമില്ല എന്നതാണ് അവരുടെ തോന്നൽ. നാമധേയ വിഭാഗങ്ങളെ ആളുകൾ പ്രശ്നമാക്കുന്നേയില്ല. വാസ്തവത്തിൽ എണ്ണിയാൽ തീരാത്തവണ്ണം ലോകം മുഴുവൻ വ്യാപിച്ചു കിടക്കുന്ന ശ്രുംഖലയാണ് ഇത്. എന്താണ് നാമധേയ വിഭാഗം എന്നാൽ? അതറിഞ്ഞു കൂടാത്ത ധാരാളം പേർ ലോകത്തിലുണ്ട്.

പ്രത്യേകം നാമമെടുത്തു വിഭജിച്ചിരിക്കുന്ന ഓരോ സംഘടനകളാണ് നാമധേയ വിഭാഗങ്ങൾ. മതപരമായി സ്വയം പേരെടുത്തിരിക്കുന്ന വ്യത്യസ്ത സമുദായങ്ങളായി നിലകൊള്ളുന്നവരെയാണ് നാമധേയ വിഭാഗങ്ങൾ എന്നറിയപ്പെടുന്നത്. ഓരോന്നും സ്വതന്ത്ര ക്രിസ്ത്യൻ സംഘടനകളായി അറിയപ്പെടുന്നു. ഏതു വിഭാഗത്തിലായാലും കുഴപ്പമില്ല എന്നതാണ് അവരുടെ ചിന്ത. സ്വർഗ്ഗത്തിൽ പോകുന്നതിനു അതൊന്നും തടസമല്ല എന്ന കണക്കുകൂട്ടലിലാണ് അവർ. സ്വർഗ്ഗത്തിൽ പോകുവാൻ അവരുടെ വിഭാഗത്തിൽതന്നെ അംഗങ്ങളായിരിക്കണം എന്ന് അവർക്കു നിർബന്ധമില്ല. ഒരു വിഭാഗം മറ്റൊന്നുപോലെ നല്ലതാണ് എന്നതാണ് അവരുടെ വിശ്വാസം. പക്ഷെ ഓരോരുത്തരും അവരവരുടെ സമൂഹമാണ് മെച്ചപ്പെട്ടതെന്നു അവർ വാദിക്കും. അവരുടെ കാഴ്ച്ചപ്പാടിൽ സഭ എന്നതു വലിയ ഒരു സമൂഹവും നാമധേയ വിഭാഗങ്ങളെല്ലാം അതിലെ ഓരോ ശാഖകളും

ആകുന്നു എന്നതാണ് അവരുടെ ആശയം. പക്ഷെ ദൈവവുമായു ള്ള ബന്ധത്തിൽ ഈ വിഷയത്തെ അവർ പരിശോധിക്കാറില്ല.

ക്രിസ്ത്യാനികളെ കുറിച്ചോ സഭയെ കുറിച്ചോ ബൈബി ളിൽ രേഖപ്പെടുത്തിയിരിക്കുന്ന സത്യം ബഹു ഭൂരിപക്ഷം ജന ങ്ങൾക്കും അറിഞ്ഞുകൂടാ. അഥവാ ചുരുക്കം പേർ മനസിലാ ക്കിയാലും അത്ര ഗൗരവമായി എടുത്തിട്ടില്ല. അവർക്കു ദൈവ ത്തിന്റെ ഹിതം വാസ്തവത്തിൽ അറിയണമെന്നുണ്ടായിരുന്നെങ്കിൽ അവർ പുതിയ നിയമം ശരിയായി വായിക്കുമായിരുന്നു.അതിൽ പറ ഞ്ഞിരിക്കുന്ന കാര്യങ്ങളെ യുക്തി സഹജമായി ഗ്രഹിക്കുമായിരുന്നു. തന്നെയുമല്ല, ദൈവ നിയമ വിരുദ്ധമായ നാമധേയ വിഭാഗീയത ഇല്ലാത്ത ക്രിസ്ത്യാനിത്വത്തെയാണ് വേദ പുസ്തകം പ്രബോധിപ്പിക്കു ന്നത്. തിരുവെഴുത്തുകളെ വിശ്വസിക്കുന്നവർ ഈ സത്യത്തെ സ്വീക രിക്കും. നാമധേയ വിഭാഗങ്ങളിലെ അംഗത്വത്തേക്കാൾ ക്രിസ്തു വിന്റെ സഭയിലെ അംഗത്വമാണ് ദൈവം അംഗീകരിക്കുക എന്ന താണ് പരമാർത്ഥം. ദൈവാത്മാവിനാൽ പ്രചോദിതരായ ലേഖക ന്മാരുടെ പ്രസ്താവനകളെ വേദ വാക്യമായി നമുക്ക് എടുക്കാവു ന്നതാണ്.

ഒരു നാമധേയ വിഭാഗത്തിലും അംഗമാകാതെ വിശ്വസ്ത രായ ക്രിസ്ത്യാനികളായി ജീവിക്കുവാനും ക്രിസ്തുവിനെ ശുശ്രൂ ഷിക്കുവാനും മരണം വരെ ഇന്നും അവസരമുണ്ട്. അങ്ങനെ മരി ച്ചാൽ പിന്നീട് സ്വർഗ്ഗത്തിൽ എന്നേക്കും ദൈവവുമായി വസിക്കു വാനും സാധിക്കും എന്നു നിങ്ങൾക്കറിയാമോ? അതു സാദ്ധ്യമാണ്, യാഥാർത്ഥ്യവുമാണ്. ലോകത്തിൽ ഉള്ള നാമധേയ വിഭാഗങ്ങളിൽ അംഗങ്ങളാകാൻ ബൈബിളിൽ ദൈവം പറഞ്ഞിട്ടില്ല. അങ്ങനെ ചെയ്താൽ ദൈവം വെറുക്കുകയും ചെയ്യുന്നു. എന്നാൽ ബൈബി ളിൽ സഭയെ വെളിപ്പെടുത്തിയിട്ടുണ്ട്. അതു വിഭജിക്കപ്പെട്ടതല്ല. പിന്നെയോ ഏകസഭയാണ്.ആ സഭ ക്രിസ്തുവിനുള്ളതാണ്; ക്രിസ്തു വാണ് ആ സഭയുടെ തല. ഇതാണ് പലർക്കും മനസിലാക്കാൻ കഴി യാത്തത്. അതുകൊണ്ട് അവർ സഭയെ മാറ്റിയിരിക്കയാണ്. അതു കൊണ്ടു അവരുടെ സംഘടനകൾക്കെല്ലാം ഓരോ മാനുഷിക തലയും തലസ്ഥാനവും അവർ രൂപപ്പെടുത്തിയിരിക്കുന്നു. ബൈബി ളിലെ പുതിയ നിയമ സഭയുടെ ചിത്രം നിങ്ങൾക്കു കിട്ടുവാൻ അപ്പൊ സ്തലനായ പൗലൊസിന്റെ ലേഖനങ്ങൾ വായിക്കണം.

നിഷ്പ്പക്ഷമായി പരിശോധിച്ച് കാര്യങ്ങൾ വസ്തുനിഷ്ഠമായി ഉൾക്കൊള്ളുക.

ഏകമെന്ന് അല്ലെങ്കിൽ ഒന്ന് എന്നു വിവരിക്കുന്ന ഏഴു കാര്യങ്ങളെ പരാമർശിക്കുന്നുണ്ട്, എഫെസ്യ ലേഖനം 4-ാം അദ്ധ്യായത്തിൽ. നാമധേയ വിഭാഗീയതയിൽ വിശ്വസിച്ചുകൊണ്ട് ഒരാൾക്കു എഫെസ്യ ലേഖനത്തിലെ ഈ വിവരണം വിശ്വസിക്കാൻ പ്രയാസമാണ്."നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവ് ഒന്ന്, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും, എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനായി എല്ലാവർക്കും ദൈവവും പിതാവും ആയവൻ ഒരുവൻ"(എഫെസ്യർ 4:4-6). ക്രിസ്തുവിന്റെ ശരീരമാണ് സഭ. ആ സഭയുടെ തലയാണ് ക്രിസ്തു (എഫെസ്യർ 1:23). ഒരു ശരീരത്തിനു അനേക തലകളോ, ഒരു തലയ്ക്കു അനേക ശരീരങ്ങളോ ബൈബിളിനു അന്യമാണ്. അതുകൊണ്ടു നാമധേയ വിഭാഗങ്ങൾ അനുവദനീയമല്ല.

ക്രിസ്ത്യാനികളെ ഭിന്നിപ്പിക്കുവാൻ ശ്രമിച്ച ഒരു സംഭവം കൊരിന്തിൽ ഉണ്ടായിട്ടുണ്ട്. അവർ ഓരോരുത്തരുടെ പക്ഷം പിടിച്ച് ഗ്രൂപ്പുകൾ ഉണ്ടാക്കാൻ നോക്കി. ദൈവ വചനം പ്രസ്താവിച്ചുകൊണ്ടിരിക്കുന്ന ഓരോ ഉപദേഷ്ടാക്കൻമാരുടെ പേരുകളാൽ അവർ അറിയപ്പെടണമെന്നു വിചാരിച്ചു. അപ്പൊസ്തലനായ പൗലോസ് ഇതിനെ നിശിതമായി എതിർത്തു അവർക്കു ലേഖനം എഴുതി അയക്കുന്നുണ്ട്. സഹോദരന്മാരെ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു. നിങ്ങളിൽ ഒരുത്തൻ, ഞാൻ കേഫാവിന്റെ പക്ഷക്കാരൻ ഞാൻ അപ്പല്ലൊസിന്റെ പക്ഷക്കാരൻ എന്നിങ്ങനെ പറയുന്നു പോൽ"(1 കൊരിന്ത്യർ 1:10-12).

ഭിന്നതയുണ്ടാകരുതെന്നു കർത്താവു ആഗ്രഹിച്ചു പ്രാർത്ഥിച്ചു (യോഹന്നാൻ 17:21-23). അപ്പൊസ്തലൻ പറഞ്ഞു, ഭിന്നത ഉണ്ടാകരുത് എന്ന്. കർത്താവിന്റെ കല്പനകൾ അനുസ

രിച്ചു രക്ഷിക്കപ്പെടുന്നവർ കർത്താവിനാൽ ചേർക്കപ്പെട്ട അവന്റെ സഭയായിരിക്കും. ക്രിസ്തു ഒരിക്കലും വിഭജിക്കപ്പെട്ടിട്ടില്ല. നിങ്ങൾ എല്ലാവരും ആ ഏകശരീരത്തിൽ അംഗങ്ങളായി തീരുവാൻ പുതിയ നിയമത്തിലെ കർത്താവിന്റെ നിബന്ധനകൾ അനുസരിക്കുക(മർക്കൊസ് 16:16; പ്രവൃത്തി 2:38;യോഹന്നാൻ 3:35). പുതിയ നിയമത്തിൽ നിങ്ങൾ വായിക്കുന്ന ക്രിസ്തുവിന്റെ സഭ ഒരു വിഭാഗമല്ല. അതു കർത്താവിന്റെ തന്നെ ശരീരമാണ്. നിങ്ങൾ ബൈബിൾ വിശ്വസിച്ച് വിശ്വസ്തരായ ക്രിസ്ത്യാനികളായി കർത്താവിന്റെ സഭയിൽ നിലനില്ക്കുക.

✶

സ്ത്രീകൾക്കു വേണ്ടി

## അവൻ എന്തായി തീരും?

### ബെറ്റി ബർട്ടൻ ചോട്ട്

റാഹേൽ തന്റെ കിടക്കയിൽ ചരിഞ്ഞു കിടന്നുകൊണ്ടു അവളുടെ പൊന്നോമന കുഞ്ഞിനെ മതിവരാതെ നോക്കികൊണ്ടിരുന്നു, ഈ ഭംഗിയുള്ള കുഞ്ഞ് അവൾക്കും അവളുടെ ഭർത്താവായ അന്ത്രയോസിനും ജനിച്ചതാണെന്നു വിശ്വസിക്കാൻ പ്രയാസം.അവർ അതിനെ സൂക്ഷിച്ചു വളർത്തി സംരക്ഷിക്കയും പഠിപ്പിക്കയും ജീവിതത്തിലെ എല്ലാ വഴികളിലും നയിക്കുകയും വേണം. അവൻ പെട്ടെന്നു ഉറങ്ങി. അപ്പോഴുള്ള അവന്റെ നിസഹായതയെകുറിച്ചുള്ള മാതൃ ചിന്ത ഉണർന്നു. അവർ കുഞ്ഞിനു പേരിട്ടിരിക്കുന്നതു തിമൊഥെയൊസ് എന്നാണ്. "ഞാൻ നിന്നെ ശ്രദ്ധിച്ചു വളർത്തും" റാഹേൽ മന്ത്രിച്ചു. എന്റെ കുഞ്ഞിനു ഒന്നും സംഭവിക്കാതിരുന്നാൽ മതി. ഒരമ്മയുടെ വാത്സല്യം അവനു മുഴുവൻ പകർന്നു കൊടുക്കണം എന്ന ചിന്തയായിരുന്നു അവളിൽ.

അവളുടെ മനസ് ഉടനെ മറ്റു കുട്ടികളിലേക്കു തിരിഞ്ഞു. കൊച്ചു കുട്ടികൾ സ്കൂളിലേക്കു ഓടി പോകുന്നതും ഓടിച്ചാടി കളിക്കുന്നതും എല്ലാം മനസിലൂടെ കടന്നു പോയി. ബാല്യം കടന്നു കൗമാരത്തിൽ എത്തി. പിന്നെ തന്റെ കുഞ്ഞിന്റെ വളർച്ചയെയും വളർന്നു വിവാഹിതനാകുന്നതും എല്ലാം അവൾ ഊഹിച്ചു. അവൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഒരു പുതിയ കുടുംബ

ജീവിതത്തിലേക്കു തിരിയുന്നതിനെ കുറിച്ചും അവൾ ആലോചിച്ചു. അവന്റെ പ്രാധാന്യത്തെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചല്ല, മറിച്ച് അവൻ ഭാവിയിൽ എന്തായിതീരും? അവന്റെ വ്യക്തിത്വം എന്തായിത്തീരും എന്നു അവൾ ഒരുനിമിഷം ചിന്തിച്ചു. അവൻ ആത്മീയമായി എന്തായി തീരും എന്ന ചോദ്യം അവളുടെ തലയിൽ ഉയർന്നു കേട്ടു. ലോകത്തിൽ പലരും കുഞ്ഞുങ്ങളുടെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല. തങ്ങൾ ചെറുപ്പമാണ്, ഒരു പാട് കാര്യങ്ങൾ ജീവിതത്തിൽ ചെയ്തുതീർക്കാനുണ്ട്.സമയം വളരെ കുറവും ആണുള്ളത്. ദൈവത്തിന്റെ ആവശ്യം തന്നെ അവർക്ക് തോന്നിയില്ല. കുഞ്ഞിനെ ദൈവികമായി എങ്ങനെ വളർത്താമെന്ന ചിന്ത, കുട്ടികൾ അവരുടെ മാതാപിതാക്കൾക്കൊപ്പം ദൈവത്തെ ആരാധിക്കുന്നതിനും മറ്റും പോകുന്നതു അവൾ ശ്രദ്ധിച്ചിട്ടുണ്ട്.

അന്ത്രെയോസ് വന്നപ്പോൾ റാഹേലിന്റെ മുഖം മ്ലാനമായിരിക്കുന്നതു കണ്ടു കാരണം അന്വേഷിച്ചു. അതിനു അവൾ പറഞ്ഞത്: നമ്മുടെ കുട്ടിയെ നാം ദൈവ വഴിയിൽ നടത്തിയില്ലെങ്കിൽ അവന്റെ ഭാവി എന്തായി തീരും എന്നതാണ് എന്റെ ചിന്ത. അപ്പൻ എന്ന നിലയിൽ ഞാനും അവന്റെ ആത്മാവിനെ കുറിച്ച് ശ്രദ്ധിച്ചില്ലെങ്കിൽ നഷ്ടപ്പെട്ടു പോകാനാണ് സാദ്ധ്യത എന്നും ന്യായവിധി നാളിൽ നമ്മൾ എല്ലാവരും ദൈവ സന്നിധിയിൽ നില്ക്കേണ്ടതല്ലേ എന്നും അവൾ ചോദിച്ചു. ഇപ്പോഴാണല്ലോ നാം അതിനെ കുറിച്ച് തീരുമാനിക്കേണ്ടത്. ഇല്ലെങ്കിൽ പിന്നെ അവസരം കിട്ടിയില്ലെങ്കിലോ?

അന്ത്രെയോസ് അതു ശരിയാണെന്നു സമ്മതിച്ചു. വിവാഹശേഷം നാം ദൈവത്തെ ആരാധിക്കുകയോ വേണ്ട വിധം പ്രാർത്ഥിക്കയോ ചെയ്യാതെ നാം ദൈവത്തെ ഉപേക്ഷിക്കയാണ് ചെയ്തത്. അതിനു വ്യത്യാസം വരുത്തണം. നാം നമ്മുടെ മകനെ സ്നേഹിക്കുന്നതു പ്രയോജനപ്പെടണം. അടുത്ത ഞായറാഴ്ച്ച മുതൽ നമുക്കു പള്ളിയിൽ പോകണം എന്നവർ ഉറച്ചു. പക്ഷെ ഏതു പള്ളിയിൽ ആണ് പോകേണ്ടത് എന്നതു ഒരു ചോദ്യമായി അവശേഷിച്ചു. ശരിയായ പരിജ്ഞാനപ്രകാരം വേണം അവനെ വളർത്തുവാൻ. അതിനെന്താണ് മാർഗ്ഗം എന്നവർ ആലോചിച്ചു. അവസാനം നല്ല രണ്ടു ബൈബിൾ വാങ്ങി പരിശോധിച്ച് ഏറ്റവും നല്ലത് ഏതെന്നു കണ്ടുപിടിക്കാം; അതനുസരിച്ച് ജീവിതത്തെയും ക്രമപ്പെടുത്താം എന്ന് അവർ തീരുമാനിച്ചു. വിശ്വാസവും ജീവിതവും ദൈവസന്നി

ധിയിൽ സ്വീകാര്യമാക്കുവാൻ അതു കൂടിയെ തീരൂ. അതല്ലാതെ സത്യം അറിയുവാൻ വേറെ ഒരു വഴിയുമില്ല.

✶

## ജലത്താലുള്ള രക്ഷ
### ബോബ് ഡങ്കൻ

രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം എന്ന ചോദ്യത്തിനുത്തരം സുവിശേഷ പ്രാസംഗികന്മാർ തിരുവെഴുത്തിൽ നിന്നു നല്കിക്കൊണ്ടിരിക്കയാണ് അനേക വർഷങ്ങളായി. വെള്ളത്തിൽ മുങ്ങിയാൽ രക്ഷ കിട്ടുമോ? വെള്ളത്തിലാണോ രക്ഷ എന്നെല്ലാം പറഞ്ഞു പരിഹസിക്കുന്ന നാമധേയ വിഭാഗക്കാരുണ്ട്. ബൈബിളിൽ ദൈവം കല്പിച്ചിരിക്കുന്നതും വിശ്വാസമുള്ള മനുഷ്യർ അനുസരിച്ചതുമായ സത്യം തുറന്നു പറയുന്നു എന്നതാണ് കാരണം. അവർ ആരും സത്യം മനസിലാക്കുകയോ പൂർണ്ണമായ സത്യം ഉൾക്കൊള്ളുകയോ ചെയ്യാത്തവരാണ്.രക്ഷക്കു സ്നാനം ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് എന്നതു പലർക്കും അംഗീകരിക്കാൻ വൈമനസ്യം കാണുന്നുണ്ട്. രക്ഷനേടാനുള്ള ഒരു പ്രവൃത്തിയായി സ്നാനത്തെ ആളുകൾ കുറ്റപ്പെടുത്തുന്നുണ്ട്. മനുഷ്യരുടെ പ്രവൃത്തികൾ കൊണ്ടു നേടിയെടുക്കാവുന്ന ഒന്നല്ല രക്ഷ. സ്നാനം കൊണ്ടു രക്ഷ സമ്പാദിക്കാമെന്നു ക്രിസ്തുവിന്റെ സഭയിലെ ആരും പ്രസംഗിച്ച് ഇന്നുവരെ ഞാൻ കേട്ടിട്ടില്ല.

ദൈവത്തിന്റെ വാഗ്ദാനങ്ങളായ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി ചില നിബന്ധനകൾ കൂട്ടിച്ചേർത്തിരിക്കുന്നതു ശ്രദ്ധിച്ച് വായിച്ചാൽ നമുക്കു ഗ്രഹിക്കാം. ഈ നിബന്ധനകൾ അനുസരിക്കാത്തവർക്കു അനുഗ്രഹവും ലഭ്യമല്ല. നയമാന്റെ കുഷ്ഠം മാറേണ്ടതിനു അവൻ യോർദ്ദാൻ നദിയിൽ ഏഴു പ്രാവശ്യം മുങ്ങേണ്ടിയിരുന്നു (2 രാജാക്കന്മാർ 5:10). ഇസ്രായേൽ മക്കളുടെ വീടുകളിലെ കട്ടിള പടികളിലും കുറുമ്പടികളിലും കുഞ്ഞാട്ടിന്റെ രക്തം തളിച്ചില്ലായിരുന്നെങ്കിൽ മിസ്രയീമ്മരുടെ കടിഞ്ഞൂലുകൾ മരിച്ചപ്പോൾ ഇസ്രായേൽ ജനത്തിനും അങ്ങനെ സംഭവിക്കുമായിരുന്നു(പുറപ്പാട് 12:12–5). യെരിഹോവിന്റെ മതിൽ വീഴേണ്ടതിനു ഇസ്രായേൽ സൈന്യം ദിവസത്തിൽ ഒരു പ്രാവശ്യം വീതം ആറു ദിവസം ചുറ്റി നടക്കേണ്ടിയിരുന്നു (യോശുവ 6:1–5). കുരുടനു കാഴ്ച്ച ലഭി

ക്കേണ്ടതിനു അവൻ ശീലോഹോം കുളത്തിൽ പോയി കഴുകേണ്ടിയിരുന്നു (യോഹന്നാൻ 9:1-7). ഈ വിവരിച്ചതെല്ലാം അവർ നേടിയെടുത്തതാണ് എന്നു പറയാവുന്നതല്ല. പക്ഷെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ കിട്ടുവാൻ നിബന്ധനകൾ നാം പാലിക്കേണ്ടതുണ്ട്.

പാപികളെ രക്ഷിക്കുന്നത് ദൈവത്തിന്റെ പദ്ധതി അനുസരിച്ചാണ്. പാപം ചെയ്ത പാപിയോട് ക്ഷമിക്കേണ്ടതിനു ദൈവം ചില ഉപാധികൾ വെച്ചിരിക്കുന്നു.യേശുക്രിസ്തു ലോക രക്ഷിതാവായി വന്നു. പാപങ്ങളെ മോചിച്ചുകൊടുക്കുവാനുള്ള അധികാരമുള്ള കർത്താവായി അവൻ ഏതാനും കല്പനകൾ ലോകത്തുള്ള മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുത്തു. അവയാണ് മഹത്തായ ആജ്ഞകൾ എന്ന പേരിൽ അറിയപ്പെടുന്നത്.

പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവർ ശിക്ഷാവിധിയിൽ അകപ്പെടും(മർക്കൊസ് 16:15-16).

പാപി, സ്നാനത്തിൽ പാപക്ഷമാപണം സമ്പാദിക്കയല്ല ചെയ്യുന്നത്. വെള്ളമല്ല, ആ വ്യക്തിയെ രക്ഷിക്കുന്നത്. ക്രിസ്തു, ക്രൂശിലെ മരണം, അടക്കം, ഉയിർപ്പ്, എന്നിവയാലത്രെ പാപങ്ങൾ ക്ഷമിച്ചുകൊടുക്കുന്നത്. എന്നാൽ അതേ ക്രിസ്തു തന്നെ ക്ഷമിക്കുന്നതിനായി ചില ഉപാധികൾ വെച്ചിരിക്കുന്നു. അതു നാം പ്രമാണിച്ചാലേ, അനുഗ്രഹം പ്രാപിക്കുകയുള്ളു. ഈ രീതിയിൽ പാപത്തിൽ നിന്നും മോചനം ലഭിച്ചിരിക്കുന്ന എല്ലാവരും കൃപയാൽ വിശ്വാസം മൂലമത്രെ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (എഫെസ്യർ 2:8-9).

സ്നാനം എന്നതു ഒരു രക്ഷാ യോഗ്യതയായി പഠിപ്പിക്കുന്നവരിൽ എന്റെ സഹോദരന്മാരിൽ ചിലരും ഉണ്ടെന്നു തുറന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. അവർ പറയുന്നത്, സ്നാനം എന്നതു പാപക്ഷമാപണത്തിനുള്ള നിബന്ധനയാണ്, ഉദ്ദേശം പാപമോചനവുമാണ്(പ്രവൃത്തി 2:38). രക്ഷിക്കപ്പെട്ട ശേഷം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടിയാണ് സ്നാനം ഏല്പിക്കുന്നതെന്ന് കരുതിയിരിക്കയാണ് അവർ. ഇതു ദൈവ പദ്ധതിയെ മാറ്റി മറി

ക്കുന്ന രീതിയാണ്. ദൈവ പദ്ധതിയെ മാറ്റി ദൈവത്തെ പ്രസാദിപ്പിക്കാൻ പറ്റുമോ?

സ്നാനം എന്നതു ഒരു യോഗ്യതാ പ്രവൃത്തിയാണെങ്കിൽ വെള്ളത്തിൽ മുക്കിയാൽ രക്ഷ കിട്ടും എന്നു പറയാം. ഒരാൾക്കും രക്ഷ യാദൃശ്ചികമായി കിട്ടുന്നില്ല. രക്ഷ നടക്കുന്നത് ദൈവ മനസിലും അതിന്റെ ഫലം അനുഭവിക്കുന്നത് ലഭിക്കുന്ന വ്യക്തിയിലുമാണ്. ദൈവത്തിലുള്ള ആശ്രയം കൂടാതെയോ ദൈവ കൃപ കൂടാതെയോ ലഭിക്കുന്ന ഒന്നല്ല രക്ഷ. വ്യത്യസ്തമായ കാരണത്തിനു വേണ്ടി സ്നാനം ഏറ്റ ഒരാൾ ദൈവത്താലുള്ള നീതീകരണം പ്രതീക്ഷിക്കേണ്ട. നമ്മുടെ വിചാരങ്ങൾ അനുസരിച്ചല്ല ദൈവം തീരുമാനങ്ങൾ എടുക്കുന്നത്.

ദൈവ കല്പനകളെ നമുക്ക് രണ്ടായി തരംതിരിക്കാം. ധാർമ്മികത്തിനുദാഹരണമായി കുല ചെയ്യരുത്, മോഷ്ടിക്കരുത്, അപ്പനെയും അമ്മയെയും ബഹുമാനിക്ക തുടങ്ങിയവയാണ്.മറ്റൊന്നു ആത്മീയം.

## പേരിൽ എന്തിരിക്കുന്നു?

### ഗ്യാരി. സി. ഹാമ്ടൺ

നൂറു കണക്കിനു വ്യത്യസ്തമായ സമൂഹങ്ങൾ വിവിധ പേരുകളാൽ നാമധേയ വിഭാഗങ്ങളായി, അനേക നാമങ്ങളാൽ തരംതിരിച്ചിരിക്കയാണ്. ടെലഫോൺ ഡയറക്ടറി നോക്കിയാൽ പോലും അസംഖ്യം വിഭാഗങ്ങളുടെ പേർ കണ്ടെത്താം. ദൈവ സഭ, എപ്പിസ്കോപ്പൽ, ലൂഥറൻ, ബാപ്റ്റിസ്റ്റ്, ബൈബിൾ ചർച്ച്, ചർച്ച് ഓഫ് ക്രൈസ്റ്റ്, പ്രെസ്ബിറ്റേറിയൻ, ശാബത്ത് മിഷൻ, കത്തോലിക്കാ, യാക്കോബാ, യഹോവാ സാക്ഷികൾ, പെന്തെകൊസ്തു മിഷൻ, ബൈബിൾ ഫെയ്ത്ത് മിഷൻ, ഫുൾ ഗോസ്പൽ ചർച്ച്, മർത്തോമാ ചർച്ച് എന്നു തുടങ്ങിയ ധാരാളം പേരുകൾ ഇന്നു അറിയപ്പെടുന്നുണ്ട്. ചിലതെല്ലാം ബൈബിളിൽ ഉള്ളതും അധികവും തിരുവെഴുത്തിൽ കാണാത്തതും അത്രെ. ദൈവത്താൽ വിളിക്കപ്പെട്ടവരും അല്ലാത്തവരും എന്ന് ഇതിനെ നമുക്ക് വേർ തിരിക്കാം. നാം സ്വീകരിച്ചിരിക്കുന്ന പേരിനു വല്ല മാഹാത്മ്യവുമുണ്ടോ? മതപരമായി സഭ എന്തു പേരിലാണ് അറിയപ്പെടേണ്ടത്?

## ബൈബിളിൽ പേരുകളുടെ പ്രാധാന്യം

ബൈബിളിൽ കൊടുത്തിരിക്കുന്ന പേരുകൾക്കെല്ലാം വളരെ പ്രാധാന്യം ഉണ്ട്. അബ്രാം എന്ന വാക്കിനു വിശിഷ്ട പിതാവ് എന്നർത്ഥം. പിന്നീട് ദൈവം ആ പേർ മാറ്റി അബ്രഹാം എന്നാക്കി. അർത്ഥമോ ബഹുജാതികളുടെ പിതാവ് എന്നത്രെ(ഉല്പത്തി 17:1-8).സാറായി എന്ന വാക്കിനു എന്റെ രാജകുമാരി എന്നർത്ഥം. എന്നാൽ ദൈവം അവളുടെ പേർ സാറാ എന്നാക്കി. അതിന്റെ അർത്ഥം, ബഹുജാതികളുടെ രാജകുമാരി എന്നാണ് (ഉല്പത്തി 17:15-16). വാഗ്ദത്ത സന്തതിയായ ഇസഹാക്ക് ജനിക്കുമ്പോഴാണ് പേരുമാറ്റത്തിന്റെ പ്രസക്തി നാം തിരിച്ചറിയുന്നത്. ഇസഹാക്കിനും അവന്റെ പിൻഗാമികൾക്കും ദൈവം നല്കിയ പുതിയ പേരുകൾ അവർ മുഖാന്തരം ഭൂമിയിലെല്ലാം വ്യാപിച്ചു. ഏശാവിന്റെ സഹോദരൻ യാക്കോബ് എന്ന പേരിനു കുതികാൽ പിടിക്കുന്നവൻ, പകരം അവരോധിക്കപ്പെട്ടവൻ എന്നാണ് സാരം. ദൈവ ദൂതനോടു മല്ലിട്ടു ജയിച്ച രാത്രിയിൽ അവന്റെ പേർ ദൈവം ഇസ്രായേൽ എന്നു മാറ്റി. അതിന്റെ അർത്ഥം ദൈവത്തോടു മല്ലിട്ടവൻ എന്നത്രെ (ഉല്പത്തി 32:22-32). ശീമോൻ എന്ന വാക്കിനു കേൾക്കുന്നു എന്നർത്ഥമായിരുന്നു. യേശു അവന്റെ പേർ, ഒരു ചെറിയ കല്ല് എന്നർത്ഥം വരുന്ന പത്രോസ് എന്നു മാറ്റി (യോഹന്നാൻ 1:40-42).

ശാഠ്യക്കാരായ ഇസ്രായേൽ ജനത്തോടു ഇടപെടുമ്പോൾ ദൈവം, ഹോശെയാവിനോടു ദേശത്തിലെ വിഗ്രഹാരാധികളായ മ്ളേഛത പ്രവർത്തിക്കുന്നവരിൽ നിന്നു ഒരു സ്ത്രീയെ ഭാര്യയാക്കി എടുക്കാൻ ആവശ്യപ്പെട്ടു. അവളുടെ രണ്ടാമത്തെ മകൾ വ്യഭിചാരത്തിൽ ഗർഭിണിയായി ഒരു പെൺകുട്ടിയെ പ്രസവിച്ചു. അവൾക്കു രൂഹമ-കരുണ ലഭിക്കാത്തവൾ എന്നു പേരിട്ടു. ദൈവം ഇസ്രായേൽ ഗൃഹത്തോടു കരുണ കാണിക്കയില്ല എന്നർത്ഥം. അടുത്ത കുട്ടി ആൺകുട്ടിയായിരുന്നു. അവനു ലോ-അമ്മി എന്നു പേരിട്ടു. അതിനർത്ഥം "എന്റെ ജനമല്ലാത്തവൻ എന്നത്രെ. ഇസ്രായേൽ ജനത്തിന്റെ മത്സര ബുദ്ധിയും ശാഠ്യവും നിമിത്തം ദൈവം വിഷമിച്ചു. അങ്ങനെ അവൻ പറഞ്ഞു, നിങ്ങൾ എന്റെ ജനമല്ല, ഞാൻ നിങ്ങളുടെ ദൈവവുമല്ല (ഹോശേയാ 1:1-9).

മഹത്തായ ശ്രേഷ്ഠ നാമങ്ങൾ കർത്താവിനായി സൂക്ഷിച്ചിരുന്നു. ദൈവ ദൂതൻ യോസേഫിനു പ്രത്യക്ഷനായി പറഞ്ഞതു: അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു (മത്തായി 1:21). യെശയ്യാവ് 7:14 ഉദ്ധരിക്കയുമുണ്ടായി. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും". ദൈവത്തിന്റെ അഭിഷിക്തനാകയാൽ അവനെ ക്രിസ്തു എന്നു വിളിച്ചിരിക്കുന്നു. അവൻ നമ്മെ വിലെക്കു വാങ്ങി വീണ്ടെടുത്ത പരമാധികാരിയായിരിക്കയാൽ നാം അവനെ നമ്മുടെ കർത്താവ് എന്നു വിളിക്കുന്നു (റോമർ 7:24-25; 1 കൊരിന്ത്യർ 6:19-20). നമ്മുടെ രക്ഷക്കായി നാം വായികൊണ്ടു യേശുവിനെ കർത്താവു എന്നു ഏറ്റു പറയണം എന്നു കല്പിച്ചിരിക്കുന്നു (റോമർ 10:9-10). ഈ മുൻപറഞ്ഞ നാമധേയ വിഭാഗക്കാർ എല്ലാം തന്നെ യേശുവിനെ ദൈവ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്ന പേരുകൾ മാത്രമെ വിളിക്കുന്നുള്ളു എന്നതു ആശ്വാസകരം.

## ദൈവ ജനത്തിനായി ഒരു പുതിയ പേര്

ദൈവത്തിന്റെ അരുളപ്പാട് എന്തെന്നാൽ, സീയോനെകുറിച്ചു, ഞാൻ മിണ്ടാതെ ഇരിക്കയില്ല, യെരുശലേമിനെകുറിച്ച് ഞാൻ അടങ്ങിയിരിക്കയുമില്ല; അതിന്റെ നീതി പ്രകാശം പോലെയും അതിന്റെ രക്ഷ, കത്തുന്ന വിളക്കു പോലെയും വിളങ്ങി വരുവോളം തന്നെ (യെശയ്യാവ് 62:1-2). ആ കാലത്തു ജാതികളും മറ്റു ദേശക്കാരും കർത്താവിന്റെ നീതിയെ കാണും. ദൈവ ജനത്തിനു ഒരു പുതിയ പേർ വിളിക്കപ്പെടും. പുതിയ നിയമ കാലഘട്ടത്തിലെ ചരിത്രം നോക്കിയാൽ അന്ത്യോക്യയിലാണ് ആദ്യത്തെ നാമം വിളിക്കപ്പെടുന്നത് എന്നു കാണാം. യെഹൂദന്മാരും ഗ്രീക്കുകാരും ഉൾപ്പെട്ട ഒന്നായിരുന്നു അത്. അവിടെ വെച്ചാണ് കർത്താവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ വിളിക്കപ്പെടുന്നത് (പ്രവൃത്തി 11:26).

★

## വീട്ടമ്മ ജീവനൊടുക്കിയ സംഭവം: പണമിടപാട് സ്ഥാപനത്തിൽ റെയ്ഡ്

അമ്പലത്തിൽകാലയിലെ സ്വകാര്യപണമിടപാടു സ്ഥാപനം സുജ ഫിനാൻസ് പൊലീസ് റെയ്ഡ് ചെയ്തു രേഖകൾ പിടിച്ചെടുത്തു. സ്ഥാപനം നടത്തിപ്പുകാരൻ അരുവിക്കര പുന്നാവൂർ സ്വദേശി സനൽകുമാർ മുങ്ങിയതിനെത്തുടർന്നു നിക്ഷേപകയായ വീട്ടമ്മ ചൊവ്വാഴ്ച്ച ജീവനൊടുക്കിയിരുന്നു. കാട്ടാക്കട സിഐ: ഷാനവാസ്, എസ്ഐ:ചന്ദ്രകുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു റെയ്ഡ്.

## മോഷണം, തട്ടിക്കൊണ്ടു പോകൽ: മൂന്നുപേർകൂടി അറസ്റ്റിൽ

പകൽ മോഷണവും തട്ടിക്കൊണ്ടു പോയി വൻതുകകൾ മോചന ദ്രവ്യം വാങ്ങി വിട്ടയയ്ക്കലുകളും പതിവാക്കിയ സംഘത്തിലെ മൂന്നുപേരെക്കൂടി ആറ്റിങ്ങൽ പൊലീസ് അറസ്റ്റ് ചെയ്തു. ഇതോടെ സംഘത്തിലെ എട്ടുപേരാണ് പൊലീസ് കസ്റ്റഡിയിലായത്. 17 കവർച്ചകളിൽ നിന്നായി 105 പവനോളം സ്വർണാഭരണങ്ങളും രണ്ടരലക്ഷത്തോളം രൂപയുമാണ് സംഘം ഇതിനകം കവർന്നതെന്ന് പൊലീസ് അറിയിച്ചു.

## പിടിഎ പ്രസിഡന്റ് അധ്യാപകനെ ആക്രമിച്ചുവെന്നാരോപണം; അധ്യാപകർ അധ്യയനം മുടക്കാതെ അവധിയെടുത്തു

പിടിഎ പ്രസിഡന്റും അംഗവും ചേർന്ന് അധ്യാപകനെ ആക്രമിച്ചുവെന്നാരോപിച്ച് പരുത്തിപ്പള്ളി വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകർ ഒന്നടങ്കം അധ്യയനം മുടക്കാതെ പതിവുപോലെ ക്ലാസെടുത്താണ് പ്രതിഷേധം രേഖപ്പെടുത്തിയത്.

## സമരവും പ്രകടനവും നിരോധിച്ചിട്ടില്ല

കേരള സർവകലാശാല ക്യാംപസിൽ സമരവും പ്രകടനവും നിരോധിച്ചു എന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നു സർവകലാശാല അറിയിച്ചു. സിൻഡിക്കേറ്റ് അത്തരത്തിലുള്ള ഒരു തീരുമാനവും എടുത്തിട്ടില്ല. സർവകലാശാല മന്ദിരത്തിനകത്തെ ഒരു വിഭാഗം വിദ്യാർത്ഥികൾ സത്യാഗ്രഹവേദിയാക്കിയതിനെ അപലപിക്കുക മാത്രമാണ് ചെയ്തതെന്ന് അറിയിച്ചു.

★

## ഫീസ് നിർണയം: മൂന്നു കോളജുകൾ നിസഹകരണമെന്ന് മുഹമ്മദ് കമ്മിറ്റി

ഫീസ് നിർണയിക്കുന്ന കാര്യത്തിൽ മൂന്നു സ്വകാര്യ മെഡിക്കൽ കോളജുകൾ നിസ്സഹകരണം തുടരുകയാണെന്നു ഹൈക്കോടതിയെ അറിയിക്കാൻ ജസ്റ്റിസ് പി.എ. മുഹമ്മദ് അധ്യക്ഷനായ ഫീസ് നിർണയ സമിതി തീരുമാനിച്ചു. കോലഞ്ചേരി മെഡിക്കൽ കോളേജ്, തൃശൂരിലെ അമല, ജൂബിലി മെഡിക്കൽ കോളജുകൾ എന്നിവയ്ക്കെതിരെയാണ് മുഹമ്മദ് കമ്മിറ്റിയുടെ പരാമർശം.

★

## റോഡു പണി: കണക്കു ഹാജരാക്കാൻ ഒരു മാസത്തെ സാവകാശം

റോഡ് നികുതി, വാഹന റജിസ്ട്രേഷൻ ഇനങ്ങളിൽ നിന്നു സർക്കാർ പിരിച്ചെടുത്ത തുകയുടെയും റോഡുപണിക്കു ചെലവാക്കുന്ന തുകയുടെയും വിശദാംശങ്ങൾ ഹാജരാക്കാൻ ഹൈക്കോടതി സർക്കാരിന് ഒരു മാസത്തെ സാവകാശം അനുവദിച്ചു. സംസ്ഥാന ധനകാര്യ വകുപ്പിനെ കേസിൽ കക്ഷിചേരാൻ അനുവദിച്ചിട്ടുമുണ്ട്.

★

## ഗോപാലമേനോനെയും മാറ്റിയേക്കും; ഇനി പുതിയ ദൗത്യ സംഘം

മൂന്നാർ ദൗത്യസംഘത്തിൽ നിന്നു സ്പെഷൽ ഓഫീസർ ഡോ. വി. എം. ഗോപാലമേനോനെ മാറ്റിയേക്കും. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും മൂന്നാർ ദൗത്യം ഊർജ്ജിതപ്പെടുത്തുന്നതിനും നിയോഗിക്കപ്പെട്ട പുതിയ ദൗത്യ സംഘത്തെ അയയ്ക്കാനാണ് ഉദ്ദേശ്യം.

✷

## പോസിറ്റീവ് എനർജി നിറയട്ടെ വീട്ടിനുള്ളിൽ

പൊടിയും മാറാലയും പിടിച്ചു സാധനങ്ങൾ വലിച്ചു വാരിയിട്ട വീടു കാണാൻ എന്തെങ്കിലും ഭംഗിയുണ്ടോ? ഭംഗി മാത്രമോ വൃത്തിയുള്ള വീട്ടിലേ സമാധാനവും സന്തോഷവും ഉണ്ടാകൂ എന്ന് ഫുങ് ഷ്വേ പറയുന്നു. എന്നാൽപ്പിന്നെ വീടു വൃത്തിയാക്കിക്കളയാം എന്നാണോ? ചൂലുമെടുത്ത് ആവേശത്തോടെ പണി തുടങ്ങാൻ വരട്ടെ. മറ്റു പണികളെല്ലാം ഒതുക്കിയതിനു ശേഷം മതി വീടു വൃത്തിയാക്കൽ. വീടു വൃത്തിയാക്കാനായി ഒരു ദിവസം തന്നെ നീക്കി വയ്ക്കാം. വൃത്തിയാക്കാനുള്ള ലോഷനും ബ്രഷുകളുമെല്ലാം ഉണ്ടെന്ന് ആദ്യം തന്നെ ഉറപ്പു വരുത്തുക. സ്വസ്ഥമായി പണി തുടങ്ങിക്കൊള്ളൂ. വീടിനുൾവശം വൃത്തിയാക്കുമ്പോൾ എല്ലാ ജനാലകളും വാതിലുകളും തുറന്നിടാൻ ശ്രദ്ധിക്കുക. കൂടുതൽ വെളിച്ചം കിട്ടുമെന്നു മാത്രമല്ല, സൂര്യപ്രകാശം അണുക്കളെ നശിപ്പിക്കുകയും അകത്തെ ദുർഗന്ധം ഒഴിവാക്കുകയും ചെയ്യും.

✷

## ബാങ്ക് സമരം: പണമിടപാടുകൾ മുടങ്ങി

ജീവനക്കാരും ഓഫീസർമാരും പണിമുടക്കിയതിനെ തുടർന്ന് എസ്ബിടി ഉൾപ്പെടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അസോഷ്യേറ്റ് ബാങ്കുകളിൽ ഇന്നലെ പണിടമിടപാടു മുടങ്ങി.

അസോഷ്യേറ്റ് ബാങ്കുകളെ മാതൃബാങ്കായ എസ്ബിഐയിൽ ലയിപ്പിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചായിരുന്നു. പണിമുടക്ക്

എഐഎബിഇഎ, എഐഎബിഒഎ, ബെഫി എന്നിവ ആഹ്വാനം ചെയ്ത പണിമുടക്കു ബാങ്കുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചു. ക്ലെറിക്കൽ വിഭാഗത്തിൽ സമരം ഏറെക്കുറെ പൂർണമായിരുന്നു. ഭൂരിഭാഗം ഓഫീസർമാരും ജോലിക്കെത്തിയില്ല.

## സൂര്യസന്ദേശ് യാത്ര ഇന്ന് ആരംഭിക്കും

സൂര്യരശ്മികളുടെ ഔഷധമൂല്യം വെളിവാക്കുന്ന സന്ദേശവുമായി സൂര്യയോഗ് ഫൗണ്ടേഷൻ കേരള കാര്യാലയത്തിന്റെ നേതൃത്വത്തിൽ സൂര്യസന്ദേശ് യാത്ര ഇന്നു പാറശാലയിൽ നിന്ന് മഞ്ചേശ്വരത്തേക്കു തിരിക്കും. വൈകിട്ട് 5:30ന് പാറശാല മഹാദേവ ഓഡിറ്റോറിയത്തിൽ സൂര്യയോഗ് ഫൗണ്ടേഷൻ സ്ഥാപകൻ സൂര്യാജി പ്രഭാഷണം നടത്തും.

## ജലമോഷണം: കഠിനശിക്ഷയ്ക്ക് ചട്ടഭേദഗതി വന്നേക്കും

വാട്ടർ അതോറിറ്റിയുടെ പൈപ്പുകളിൽ നിന്ന് ജലമോഷണം നടത്തുന്നവർക്കു കഠിനശിക്ഷ ഉറപ്പാക്കാൻ വാട്ടർ സപ്ലൈ ആൻഡ് ബീവറേജ് ആക്ടിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ നീക്കം. ആദ്യ തവണ ജലമോഷണക്കുറ്റം തെളിയിക്കപ്പെട്ടാൽ ഗാർഹിക ഉപയോക്താക്കൾക്ക് പതിനായിരവും ഗാർഹികേതര ഉപയോക്താക്കൾക്ക് അൻപതിനായിരവും രൂപ വരെ പിഴയാണ് ചട്ട ഭേദഗതിയിൽ നിർദ്ദേശിച്ചിരിക്കുന്നത്. കുറ്റം ആവർത്തിച്ചാൽ ഗാർഹിക ഉപയോക്താക്കൾക്ക് 25,000 രൂപ പിഴയോ ആറു മാസം വരെ തടവും രണ്ടും കൂടിയോ ശിക്ഷ ലഭിക്കാം. ഗാർഹികേതര ഉപയോക്താക്കൾക്ക് ഇത് ഒരു ലക്ഷം രൂപ പിഴയോ രണ്ടു വർഷത്തെ തടവോ രണ്ടും കൂടിയോ ആകാം. പൊതുടാപ്പുകളിൽ നിന്ന് വെള്ളം ദുരുപയോഗപ്പെടുത്തുന്നവർക്കും പിഴയും തടവും നൽകാൻ വ്യവസ്ഥ ഏർപ്പെടുത്തും.

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 October**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2007

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378